**ഭരണഭാഷ-മാതൃഭാഷ**

**ഹരികൃഷ്ണൻ കെ വി**
**വൈൽഡ്ലൈഫ് വാർഡൻ**
**(മെമ്പർ സെക്രട്ടറി & സി.ഇ.ഒ,**
**ആനമുടി വന വികസന ഏജൻസി)**

**വൈൽഡ്ലൈഫ് വാർഡന്റെ കാര്യാലയം**
**വൈൽഡ്ലൈഫ് ഡിവിഷൻ, മൂന്നാർ-685612**
**Email - ww-mnr.for@kerala.gov.in**
**enpmunnar@gmail.com**
**Ph: 04865-231587 (O)**

# ആനമുടി വന വികസന ഏജൻസി

റ്റി- 416/2025 (AFDA) തീയതി 02.06.2025

## ക്വൊട്ടേഷൻ നോട്ടീസ്

മൂന്നാർ വന്യജീവി ഡിവിഷനു കീഴിൽ പ്രവർത്തിക്കുന്ന ആനമുടി വന വികസന ഏജൻസിയിലെ വിവിധ ഇക്കോ ഷോപ്പുകളിലേയ്ക്ക് അംഗീകൃത സ്ഥാപനങ്ങൾ/ വിതരണക്കാർ എന്നിവരിൽ നിന്നും 2025-26 വർഷങ്ങളിൽ താഴെപ്പറയും പ്രകാരം ഉത്പന്നങ്ങൾ ലഭ്യമാക്കുന്നതിന് ക്വൊട്ടേഷനുകൾ ക്ഷണിക്കുന്നു.

## നിബന്ധനകൾ

1 ഇക്കോ ഷോപ്പിലേയ്ക്ക് 'പോയിന്റ് ഓഫ് സെയിൽ' എന്ന വ്യവസ്ഥയിലാണ് ആനമുടി ഫോറസ്റ്റ് ഡെവലപ്മെന്റ് ഏജൻസി ക്വട്ടേഷനുകൾ ക്ഷണിക്കുന്നത്. ആനമുടി ഫോറസ്റ്റ് ഡെവ ലപ്മെന്റ് ഏജൻസിയുടെ കീഴിലുള്ള വനാശ്രിത സമൂഹത്തിന്റെ ദൈനംദിന ജീവിത മാർഗ്ഗ ത്തിനും ക്ഷേമ-വികസന കാര്യങ്ങൾക്കുമായിട്ടാണ് വിവിധ സ്ഥലങ്ങളിൽ വനശ്രീ-ഇക്കോ ഷോപ്പുകൾ പ്രവർത്തിക്കുന്നത്. ടി സംരംഭം ലാഭേച്ഛയില്ലാതെ വനാശ്രിത സമൂഹത്തിന്റെ ക്ഷേമത്തിനും വളർച്ചക്കും പ്രഥമപരിഗണന നൽകിയാണ് പ്രവർത്തിക്കുന്നത്. ടി വനശ്രീ-ഇക്കോ ഷോപ്പുകളുടെ പ്രവർത്തനം ആകർഷകമാക്കുന്നതിനാണ് 'പോയിന്റ് ഓഫ് സെയിൽ' എന്ന വ്യവസ്ഥയിൽ ക്വട്ടേഷനുകൾ സമർപ്പിക്കേണ്ടത്.

2 ക്വൊട്ടേഷനുകൾ സമർപ്പിക്കുമ്പോൾ, വിതരണം ചെയ്യുന്ന ഉത്പന്നങ്ങളുടെ സാമ്പിളുകൾ, ആനമുടി ഫോറസ്റ്റ് ഡെവലപ്മെന്റ് ഏജൻസിയുടെ പർച്ചേഴ്സ് കമ്മിറ്റി ആവശ്യപ്പെടുന്ന പക്ഷം ആഫീസിൽ ഹാജരാക്കേണ്ടതാണ്. ക്വൊട്ടേഷനിൽ പരാമർശിച്ചിട്ടുള്ള ഉത്പന്നങ്ങൾക്ക് പുറമേ, വനശ്രീ-ഇക്കോ ഷോപ്പിന്റെ പ്രവർത്തനം സുഗമവും ആകർഷകമാക്കാൻ സഹായി ക്കുന്ന ഉത്പന്നങ്ങൾ, പർച്ചേഴ്സ് കമ്മിറ്റിയുടെ അംഗീകാരത്തോടെ തിരഞ്ഞെടുക്കുന്നതായിരി ക്കും.

3 ക്വട്ടേഷനുകളിൽ രേഖപ്പെടുത്തിയിരിക്കുന്ന ഉത്പന്നങ്ങളുടെ വിവരങ്ങൾ വില, ഗുണനിലവാര ങ്ങൾ, മറ്റുഘടകങ്ങൾ പരിശോധിക്കുന്നതിലും തീരുമാനം എടുക്കുന്നതിലും ആനമുടി വന

വികസന ഏജൻസിയുടെ പർച്ചേഴ്സ് കമ്മിറ്റിയുടെ തീരുമാനം അന്തിമമായിരിക്കും.

4 പർച്ചേഴ്സ് ഓർഡർ നൽകിയതിന് ശേഷം 7 ദിവസത്തിനകം സാധനങ്ങൾ മൂന്നാർ വന്യജീവി ഡിവിഷൻ ഓഫീസിൽ നിയമാനുസൃതം എത്തിക്കേണ്ടതാണ്.

5 ആനമുടി വന വികസന ഏജൻസി ഒരു ഏജൻസി മാത്രമായി പ്രവർത്തിക്കുന്നതിനാൽ ഉത്പന്നങ്ങൾ വിറ്റതിന് ശേഷം മാത്രമേ ബിൽ തുക നൽകുകയുള്ളു.

6 ഉത്പന്നങ്ങളുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന പ്രശ്നങ്ങൾക്ക് ഉത്പന്നം നൽകിയ സ്ഥാപനം ഉത്തരവാദികൾ ആയിരിക്കും. ആയതിനാൽ ആനമുടി വന വികസന ഏജൻസിയ്ക്ക് യാതൊരുവിധ ഉത്തരവാദിത്വവും ഉണ്ടാകുന്നതല്ല. ഇത്തരത്തിലുള്ള പ്രശ്ന ബാദ്ധ്യതകൾ ഉണ്ടായാൽ യാതൊരുവിധ മുന്നറിയിപ്പും നൽകാതെ ഇടപാടുകൾ റദ്ദാക്കുന്നതിന് ആനമുടി വന വികസന ഏജൻസിയുടെ മെമ്പർ സെക്രട്ടറിയ്ക്ക് പൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതാണ്.

7 ആനമുടി വന വികസന ഏജൻസിയുടെ നിർദ്ദേശ പ്രകാരം ഉത്പന്നങ്ങൾ ആവശ്യപ്പെടുന്ന സ്ഥലത്ത് നിയമാനുസൃതം എത്തിക്കേണ്ടതിന്റെ ഉത്തരവാദിത്വം സ്ഥാപനത്തിന് / വിതരണക്കാരന് മാത്രമായിരിക്കും.

8 ക്വൊട്ടേഷൻ നൽകുന്ന വിതരണക്കാർക്ക് ജി.എസ്.ടി. രജിസ്ട്രേഷൻ ഉണ്ടായിരിക്കേണ്ടതാണ്. ക്വട്ടേഷനുകൾ സമർപ്പിക്കുന്ന അംഗീകൃത വിതരണക്കാർ / സ്ഥാപനക്കാർ താഴെ പറയുന്ന രേഖകൾ ക്വട്ടേഷന്റെ കൂടെ സമർപ്പിക്കേണ്ടതാണ്.

a. സ്ഥാപനത്തിന്റെ/അംഗീകൃത വിതരണക്കാരന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ പകർപ്പ്.
b. ബാങ്ക് അക്കൗണ്ട് വിവരങ്ങൾ/ പാസ്സ് ബുക്കിന്റെ പകർപ്പ്.
c. ജി.എസ്.റ്റി. രജിസ്ട്രേഷൻ സർട്ടിഫിക്കറ്റും/ PAN card പകർപ്പുകൾ.
d. സ്ഥാപനത്തിന്റെ/ വിതരണക്കാരന്റെ പരിചയം/വിശ്വസ്തത തെളിയിക്കുന്നതിനുള്ള രേഖകൾ.
e. ആനമുടി വന വികസന ഏജൻസിയുടെ ഇക്കോ ഷോപ്പുകളിൽ 'പോയിന്റ് ഓഫ് സെയിൽ' എന്ന വ്യവസ്ഥയിൽ ഉത്പന്നങ്ങൾ വിതരണം ചെയ്തുകൊള്ളാമെന്ന സത്യവാങ്മൂലം

9 ബില്ലുകൾ സമർപ്പിക്കുമ്പോൾ ജി.എസ്.ടി. ബിൽ മാത്രം നൽകേണ്ടതാണ്.

10 ക്വൊട്ടേഷനുകൾ സീൽ വച്ച കവറിൽ 2025 ജൂൺ 15 വ്യാഴം 5.00PM നകം മൂന്നാർ വന്യജീവി ഡിവിഷൻ ഓഫീസിൽ തയ്യാറാക്കിയിട്ടുള്ള ബോക്സിൽ നിക്ഷേപിക്കേണ്ടതാണ്.

11 വനം വകുപ്പിലെ വന വികസന ഏജൻസി പ്രവർത്തനങ്ങളുടെ മാർഗ്ഗ രേഖകളും ഇക്കോ ഷോപ്പുകളുടെ പ്രവർത്തനം സംബന്ധിച്ച് വന വികസന ഏജൻസി യഥാസമയങ്ങളിൽ പുറപ്പെടുവിക്കുന്ന തീരുമാനങ്ങളും നിർദ്ദേശങ്ങളും ഇക്കോ ഷോപ്പുകളുടെ പ്രവർത്തനത്തിനും ഇടപാടുകൾക്കും ബാധകമായിരിക്കും.

12 കൂടുതൽ വിവരങ്ങൾ പ്രവൃത്തി സമയങ്ങളിൽ മൂന്നാറിലുള്ള ആനമുടി ഫോറസ്റ്റ് ഡെവലപ്മെന്റ് ആഫീസിൽ നിന്ന് നേരിട്ടോ/ 04865-231587/ www.munnarwildlife.com എന്നിവയിൽ നിന്ന് ലഭ്യമാണ്.

മെമ്പർ സെക്രട്ടറി & സി.ഇ.ഒ,
ആനമുടി വന വികസന ഏജൻസി
(വൈൽഡ്‌ലൈഫ് വാർഡൻ)
മൂന്നാർ